ജാതി പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട അനുപാതത്തിൽ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20-5-1985-ൽ പുറപ്പെടുവിച്ച 114/85/ജി.എ.ഡി. എന്ന ഉത്തരവ് പ്രകാരം അർഹതപ്പെട്ട സംവരണം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ബന്ധപ്പെട്ട രേണവകുപ്പുകൾക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ എന്ന് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് മൂന്നു മാസത്തിലൊരിക്കൽ അവലോകനം നടത്തി പ്രാതിനിധ്യക്കുറവുണ്ടെങ്കിൽ അത് പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങളും നൽകുന്നുണ്ട്.

ചാക്കമർ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവെച്ചതിനെ സംബന്ധിച്ചുള്ള നിവേദനങ്ങൾ

470 [829] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാക്കമർ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുണ്ടെങ്കിലും വെൽഫയർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർ തടഞ്ഞുവെച്ചതിനെ സംബന്ധിച്ചുള്ള നിവേദനങ്ങളോ പരാതികളോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു;

(സി) അപ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥർ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ മേൽ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) നെയ്യാറിൻകര താലൂക്കിൽ ചാക്കമർ ആണെന്ന് അവകാശപ്പെട്ട ചില വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ തടഞ്ഞുവച്ചതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതി ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

(സി) ചാക്കമർ സമുദായത്തിന്റെ പേരിൽ അനർഹരായവർ ആനുകൂല്യങ്ങൾ നേടരുത് എന്ന ഉദ്ദേശം മുൻനിർത്തിയാണ് ഉദ്യോഗസ്ഥൻമാർ ഇപ്രകാരം ചെയ്തത്. അതിന് അവരുടെ മേൽ നടപടി സ്വീകരിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

രണ്ടുകൈ ലോവർ പ്രൈമറി ഗിരിജൻ സ്കൂളിന്റെ വികസനം

471 [830] ശ്രീ. കെ.ജെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ചാലക്കുടിയിലുള്ള കോടശ്ശേരി പഞ്ചായത്തിലെ രണ്ടുകൈ ലോവർ പ്രൈമറി ഗിരിജൻ സ്കൂൾ വികസനാർത്ഥം സ്ഥലമെടുക്കുവാനുള്ള പരിപാടി ഏതു ഘട്ടത്തിലാണ് എന്നു വ്യക്തമാക്കാമോ;

(ബി) ഈ വിദ്യാലയത്തിനു വേണ്ട പണം ഗിരിജൻ വകുപ്പിൽ നിന്നും കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടുകൈ എൽ.പി. സ്കൂളിന് സ്ഥലമെടുക്കുന്നതിനു വേണ്ട നടപടികൾ തൃശൂർ ജില്ലാ കളക്ടർ സ്വീകരിച്ച് നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്;

(ബി) ഗിരിജൻ ഡിപ്പാർട്ടുമെന്റിന്റെ ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനു വേണ്ട തുകയൊന്നും വകയിരുത്തിയിട്ടില്ല.

ഉറുമ്പിക്കര, വടക്കേമല ഗിരിജൻ വാട്ടർ സപ്ലൈ സ്കീമുകൾ

472 [832] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിലെ ഉറുമ്പിക്കര, വടക്കേമല എന്നീ ഗിരിജൻ വാട്ടർ സപ്ലൈ സ്കീമുകൾക്ക് ഉപ പദ്ധതി പ്രകാരം അനുമതി നൽകാമോ?

ഉത്തരം

വടക്കേമല ഗിരിജൻ വാട്ടർ സപ്ലൈ സ്കീമിന് 3.50 ലക്ഷം രൂപ അടങ്കലുള്ള ഒരു പദ്ധതിക്ക് 3-8-1985-ൽ അനുമതി നൽകിയിട്ടുണ്ട്. ഉറുമ്പിക്കര ഗിരിജൻ വാട്ടർ സപ്ലൈ സ്കീമിന് ഉടൻ അനുമതി നൽകുന്നതാണ്.

സഹകരണ സ്ഥാപനങ്ങളിൽനിന്നും ഹരിജനങ്ങൾ എടുത്തിട്ടുള്ള വായ്പകൾ

473 [833] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ കഴിവില്ലാതായ ഹരിജനങ്ങൾക്കു വേണ്ടി ഹരിജനക്ഷേമ വകുപ്പിൽനിന്നും എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പയും നടപടിച്ചെലവുകളും പലിശയും തിരിച്ചടയ്ക്കാൻ കഴിവില്ലാത്ത ഹരിജനങ്ങൾ അടച്ചിട്ടുള്ള തുക മുതലിൽ വകയിരുത്തി പലിശയും നടപടിച്ചെലവുകളും ഇളവു ചെയ്യാനുള്ള നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly